കെ.സി ജലീൽ പുളിക്കൽ

# ജീവിതത്തെ ചൂഴ്ന്നുനിൽക്കുന്ന വിശ്വാസം

عَنْ أَبِي هُرَيْرَةَ رَضِي الله عنه عن النّبي صلى الله عليه وسلم قَال : الإيمَانُ بِضْعٌ وَسَبْعُونَ شُعْبَةً:
فَأَفْضَلُهَا قَوْلُ لاَ إِلَهَ إِلاَّ اللَّهُ، وَأَدْنَاهَا إِمَاطَةُ الأَذَى عَنِ الطَّرِيقِ، وَالْحَيَاءُ شُعْبَةٌ مِنَ الإِيمَانِ (متفق عليه)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: "സത്യവിശ്വാസത്തിന് എഴുപതിൽപരം ശാഖകളുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന വചനവും ഏറ്റവും നിസ്സാരമായത് വഴിയിൽനിന്ന് ഉപദ്രവങ്ങൾ നീക്കലുമാണ്. ലജ്ജ സത്യവിശ്വാസത്തിന്റെ ഭാഗമാണ്."**

ഒരു കൊച്ചുവചനം. അതേസമയം ജീവിതത്തിന്റെ സർവരംഗങ്ങളിലേക്കും കടന്നുചെന്ന് സമൂല പരിവർത്തനം സൃഷ്ടിക്കാൻ മാത്രം കരുത്തുള്ളതുമാണ് ഈ പ്രവാചക വചനം.

ഹൃദയത്തിന്റെ ഉള്ളിന്റെ ഉള്ളിൽ, നിർവചിക്കാനോ നിർണയിക്കാനോ സാധിക്കാത്തത്ര സൂക്ഷ്മമായ, അതീവ രഹസ്യമായ പ്രതിഭാസമാണ് വിശ്വാസം. വിശ്വാസത്തെ സംബന്ധിച്ച് നിരന്തര ഉദ്ബോധനം നടത്തുന്നവർ പോലും വ്യക്തിജീവിതം വിട്ട് സാമൂഹിക ജീവിതത്തിലേക്ക് കടന്നുചെന്ന് പരിവർത്തനം സൃഷ്ടിക്കേണ്ട ഒന്നാണതെന്ന് കരുതുന്നുണ്ടാവില്ല. ഇത്തരം ധാരണകളെ നിരാകരിക്കുന്നതാണ് ഈ നബിവചനം. സൃഷ്ടികളുടെ എല്ലാ അർഥത്തിലുള്ള സ്വാതന്ത്ര്യവും ക്ഷേമൈശ്വര്യങ്ങളും ഉറപ്പുവരുത്തുക എന്നത് വിശ്വാസത്തിന്റെ അനിവാര്യ തേട്ടവും സുപ്രധാന ഘടകവുമാണെന്ന് വ്യക്തമാക്കുന്നതാണ് 'വഴിയിൽനിന്ന് ഉപദ്രവം നീക്കൽ വിശ്വാസത്തിന്റെ ഒരറ്റമാണ്' എന്ന പരാമർശം. നൈതിക-സനാതന-സാന്മാർഗിക മൂല്യങ്ങളും മര്യാദകളുമെല്ലാം വിശ്വാസത്തിന്റെ ശാഖകളും ഉപശാഖകളുമാണെന്ന് വ്യക്തമാക്കുന്നതാണ് 'ലജ്ജ വിശ്വാസത്തിന്റെ ശാഖയാണ്' എന്ന വാക്യഭാഗം. ചുരുക്കത്തിൽ, ജീവിതത്തിന്റെ ആത്മീയവും ഭൗതികവുമായ സർവരംഗങ്ങളും വിശ്വാസത്തിന്റെ ഘടകങ്ങളോ ഭാഗങ്ങളോ ആണെന്ന് വ്യക്തമാക്കുകയാണ്.

'അല്ലാഹു അല്ലാതെ ദൈവമില്ല' എന്ന വിശുദ്ധ വചനമാണ് വിശ്വാസത്തിന്റെ കേന്ദ്രബിന്ദു. ജീവിതത്തിന്റെ സർവത്ര മേഖലകളും ഈ കേന്ദ്രബിന്ദുവിനോട് ബന്ധപ്പെട്ടാണിരിക്കുന്നത്.

വിശുദ്ധവചനത്തെ സംബന്ധിച്ച് ഖുർആനിൽ വന്ന മനോഹരമായ ചിത്രീകരണത്തോട് ഈ പ്രവാചക വചനത്തെ ചേർത്തുവെച്ചാൽ ആശയം കുറേകൂടി വ്യക്തമാകും. "അല്ലാഹു വിശുദ്ധ വചനത്തെ എങ്ങനെയാണ് ഉദാഹരിച്ചതെന്ന് നീ കണ്ടില്ലേ: ഒരു വിശിഷ്ട വൃക്ഷം, അതിന്റെ മുരട് മണ്ണിൽ ആഴത്തിൽ ആണ്ടിറങ്ങിയിരിക്കുന്നു. ശാഖകൾ ആകാശത്ത് പടർന്നു പന്തലിച്ചിരിക്കുന്നു. എല്ലാ കാലത്തും നാഥന്റെ നിർദേശാനുസാരം ഫലങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു" (*ഇബ്റാഹീം*: 24).

ഉത്തമ വൃക്ഷത്തിന്റെ വിത്തിൽനിന്ന് മുളച്ചു വളർന്നതുകൊണ്ടാണ് വേരു മുതൽ ഇലവരെ വൃക്ഷത്തിന്റെ എല്ലാ ഭാഗത്തിനും ഉത്തമഗുണം കൈവന്നത്. മാങ്ങയണ്ടിയിൽനിന്ന് മുളച്ചതുകൊണ്ടാണല്ലോ ഉത്തമഫലം നൽകുന്ന മാവുണ്ടായത്. ഇതുപോലെ തന്നെ 'അല്ലാഹുവല്ലാതെ മറ്റു ദൈവമേ ഇല്ല' എന്ന ഉത്തമവചനത്തിൽനിന്നുത്ഭവിച്ച ഇസ്‌ലാമിൽ ആ വചനത്തിന്റെ ഉത്കൃഷ്ട ഗുണം ഓരോ ഭാഗത്തിനുമുണ്ടാകും.

വ്യക്തിജീവിതം മുതൽ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ ജീവിതം വരെ ഈ ഉത്കൃഷ്ട ആദർശത്തിനൊത്ത് ക്രമീകരിക്കപ്പെടുമ്പോൾ അത്യത്ഭുതം സംഭവിക്കുമെന്നതിന് കാലം സാക്ഷിയാണ്. അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യും അനുയായികളും ഈ വിശുദ്ധ വചനം അടിസ്ഥാനമാക്കി ഖുർആനിനെ പ്രയോഗവൽക്കരിച്ചപ്പോൾ ഇപ്പറഞ്ഞ അത്യത്ഭുതം സംഭവിച്ചത് ലോകം കണ്ടതാണ്.

ഈ ഉത്തമവചനം അംഗീകരിക്കുന്നതോടെ സൃഷ്ടിപൂജയിൽ അധിഷ്ഠിതമായ മുഴുവൻ അടിമത്തത്തിൽനിന്നും മനുഷ്യൻ വിമോചിതനാകുന്നു. അന്ധവിശ്വാസങ്ങളുടെ സകല മലിനഭാണ്ഡങ്ങളിൽനിന്നും മുക്തി നേടുന്നു; ഏകാധിപതികളിൽനിന്നും അവരുടെ സ്തുതിപാഠകരായ പുരോഹിതന്മാരിൽനിന്നും മനുഷ്യദൈവങ്ങളിൽനിന്നും അവരുടെ അടിമത്തച്ചങ്ങലകളിൽനിന്നും രക്ഷപ്രാപിക്കുന്നു. നിസ്സഹായരും നിരാലംബരും പീഡിതരും ദുർബലരുമായ ജനകോടികളുടെ മോചനത്തിനു വേണ്ടി നിങ്ങളെന്തുകൊണ്ട് സമരത്തിനിറങ്ങുന്നില്ല (3:75) എന്ന ഖുർആന്റെ ചോദ്യം വിമോചനത്തിന്റെയും ജനസേവനത്തിന്റെയും പാതയിലേക്കിറങ്ങാൻ വിശ്വാസികളെ ഉത്സുകരാക്കുന്നു. അങ്ങനെയാണ് വിശുദ്ധ വചനത്തിൽനിന്നാരംഭിച്ച വിശ്വാസം 'വഴിയിൽനിന്ന് തടസ്സം നീക്കുക' എന്ന ജനസേവനത്തിന്റെയും മോചനത്തിന്റെയും തലത്തിലേക്ക് വികസിക്കുന്നത്.

'ലജ്ജ വിശ്വാസത്തിന്റെ ശാഖയാണ്' എന്ന് ഈ നബിവചനത്തിൽ എടുത്തു പറഞ്ഞത് ശ്രദ്ധേയമാണ്. സദാചാരത്തിന്റെയും സൽസ്വഭാവത്തിന്റെയും മഹനീയ മാതൃകയാവുക എന്നത് വിശ്വാസത്തിന്റെ അനിവാര്യ തേട്ടമാണ്. മറ്റെല്ലാം ഒത്തുചേർന്നാലും സ്വഭാവ മഹിമയുടെ അഭാവത്തിൽ യഥാർഥ വിശ്വാസിയാകാൻ സാധ്യമല്ലെന്നും ഇത് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. 'വിശ്വാസം ഏറ്റവും പൂർത്തിയായ വിശ്വാസി ഏറ്റവും നല്ല സ്വഭാവമുള്ളവനാണ്', 'അന്ത്യദിനത്തിൽ വിശ്വാസിയുടെ ത്രാസിൽ സൽസ്വഭാവത്തോളം കനം തൂങ്ങുന്ന മറ്റൊന്നില്ല', 'മഹനീയ സ്വഭാവങ്ങളുടെ പൂർത്തീകരണത്തിനാണ് ഞാൻ നിയോഗിതനായത്' തുടങ്ങിയ നബിവചനങ്ങൾ ഇതിനോട് ചേർത്തു വായിക്കുക.